"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകപ്പ് - വീരകമാർ കമ്മിറ്റി റിപ്പോർട്ട് ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ 100 കിടക്കകളിൽ കൂടുതലുള്ള സ്വകാര്യ ആശുപത്രികളിലെ ജീവനക്കാർക്ക് 3-ഷിഫ്റ്റ് സമ്പ്രദായം (6/6/12) നടപ്പിലാക്കുന്നതിന് അനുമതി നൽകി പുറപ്പെടുവിച്ച ഉത്തരവിൽ ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തൊഴിലും നൈപുണ്യവും (ഇ) വകുപ്പ്

സ.ഉ.(സാധാ) നം.1213/2025/LBR തീയതി,തിരുവനന്തപുരം, 18-10-2025

---

പരാമർശം:-

1. സ്വകാര്യ ആശുപത്രികളിലെ നഴ്സ് വിഭാഗം ജീവനക്കാരുടെ ജോലി സമയം ഷിഫ്റ്റ് അടിസ്ഥാനത്തിൽ ഏർപ്പെടുത്തുന്നത് സംബന്ധിച്ച് പഠനം നടത്തിയ വീരകമാർ കമ്മിറ്റിയുടെ റിപ്പോർട്ട്.
2. 27.01.2021-ലെ സ.ഉ.(സാധാ) നം.155/2021/തൊഴിൽ.
3. 19.08.2025 തീയതിയിൽ കൂടിയ സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതി യോഗത്തിന്റെ നടപടിക്കുറിപ്പ്.
4. ലേബർ കമ്മീഷണറുടെ 29.08.2025-ലെ LCO/2043/2022/K(2) നമ്പർ കത്ത്.

ഉത്തരവ്

പരാമർശം (1)-ലെ വീരകമാർ കമ്മിറ്റിയുടെ ശിപാർശയുടെയും, ആയതിന്മേലുള്ള സ്വകാര്യ ആശ്രുപത്രി വ്യവസായ ബന്ധസമിതിയുടെ ശിപാർശയുടെയും നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ, സംസ്ഥാനത്തെ 100-ൽ കൂടുതൽ കിടക്കുകളുള്ള സ്വകാര്യ ആശുപത്രികളിൽ എല്ലാ വിഭാഗം ജീവനക്കാർക്കും മൂന്ന് ഷിഫ്റ്റ് സമ്പ്രദായം (6/6/12 മണിക്കൂർ), ഓവർടൈം അലവൻസിന് (8 മണിക്കൂർ ദിവസം, 48 മണിക്കർ/ആഴ്ച, 208 മണിക്കൂർ മാസം എന്ന നിലയ്ക്ക് മാസത്തിൽ 208 മണിക്കൂറിൽ അധികരിച്ചാൽ) അർഹതയുണ്ടെന്ന നിബന്ധനയോട് കൂടിയും, ജീവനക്കാർക്ക് വീട്ടിലെത്താൻ ഗതാഗത സൗകര്യമില്ലാത്ത പക്ഷം ആശുപത്രി തലത്തിൽ റസ്റ്റ് റൂം ലഭ്യമാക്കണമെന്ന വ്യവസ്ഥയോടുകൂടിയും നടപ്പിലാക്കുന്നതിനുള്ള അനുമതി നൽകിയും പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു.

2) എന്നാൽ, പരാമർശം (3)-ലെ ഐ.ആർ.സി യോഗ തീരുമാനങ്ങളുടെ അടിസ്ഥാനത്തിലും, പ്രസ്തുത യോഗത്തിൽ തൊഴിലാളി-തൊഴിലുടമ പ്രതിനിധികൾ മുന്നോട്ട് വച്ചിട്ടുള്ള അഭിപ്രായങ്ങളും നിർദ്ദേശങ്ങളും പരിഗണിച്ചുകൊണ്ടും, കിടക്കകളുടെ എണ്ണം

പരാമർശിച്ചുകൊണ്ടുള്ള പരാമർശം (2) ഉത്തരവിൽ ആവശ്യമായ ഭേദഗതി വരുത്തി ഉത്തരവാകണമെന്ന് പരാമർശം (4) പ്രകാരം ലേബർ കമ്മീഷണർ അഭ്യർത്ഥിക്കുകയുണ്ടായി.

3) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, പരാമർശം (2) ഉത്തരവിലെ രണ്ടാമത്തെ ഖണ്ഡികയിൽ, "സംസ്ഥാനത്തെ 100-ൽ കൂടുതൽ കിടക്കകളുള്ള സ്വകാര്യ ആശുപത്രികളിൽ എല്ലാ വിഭാഗം ജീവനക്കാർക്കും" എന്നതിന് പകരം "സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളിൽ എല്ലാ വിഭാഗം ജീവനക്കാർക്കും" എന്നാക്കി ഭേദഗതി ചെയ്യുന്നു.

4) പരാമർശം (2)-ലെ ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
രമ്യാ കുമാരി എൽ
അണ്ടർ സെക്രട്ടറി

ലേബർ കമ്മീഷണർ, തിരുവനന്തപുരം.
ചെയർമാൻ, മിനിമം വേതന ഉപദേശക സമിതി, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
ചെയർമാൻ, സ്വകാര്യ ആശുപത്രി വ്യവസായ ബന്ധസമിതി.
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം.
ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ്, വെബ് & ന്യൂ മീഡിയ ഡിവിഷൻ.
ഓഫീസ് കോപ്പി / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Divya Sasidharan
Date: 18-10-2025 11:41:47
സെക്ഷൻ ഓഫീസർ